വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ & ബി) ശാസ്ത്രപരീക്ഷണ പദ്ധതി എന്ന പേരിൽ പ്രത്യേകമായി ഒരു അക്കാദമിക് പരിപാടിയും നടപ്പിലാക്കിയിട്ടില്ല.

(സി) 2003-2004 അദ്ധ്യയന വർഷത്തിൽ ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനായി പത്ത് ലക്ഷം രൂപ പതിനാല് ഡെപ്യൂട്ടി ഡയറക്ടർമാർ വഴി വിതരണം ചെയ്തിട്ടുണ്ട്.

വിദ്യാലയങ്ങളിൽ ശാസ്ത്രപോഷിണി പദ്ധതി

*5 [277] ശ്രീമതി രാധാ രാഘവൻ:
പ്രൊഫസർ സാവിത്രി ലക്ഷ്മണൻ:
ശ്രീ. പി. ജെ. ജോയി:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ ശാസ്ത്രപോഷിണി പദ്ധതി നടപ്പാക്കാൻ തുടങ്ങിയോ; എങ്കിൽ എത്ര വിദ്യാലയങ്ങളിൽ;

(ബി) ഈ പദ്ധതി പ്രകാരം എന്തെല്ലാം സഹായങ്ങൾ നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(സി) ശാസ്ത്ര വിഷയങ്ങളിൽ വിദ്യാർത്ഥികൾക്കുള്ള അഭിരുചി വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) രണ്ട് ഘട്ടങ്ങളിലായി 20 വിദ്യാലയങ്ങളിൽ സ്റ്റേറ്റ് കമ്മിറ്റി ഓൺ സയൻസ്, ടെക്നോളജി ആന്റ് എൻവയോൺമെന്റ് എന്ന ഏജൻസിയുടെ ആഭിമുഖ്യത്തിൽ ശാസ്ത്രപോഷിണി പദ്ധതി നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്.

(ബി) 8 മുതൽ 10 വരെ സ്റ്റാൻഡേർഡുകളിൽ പഠിക്കുന്ന കുട്ടികളുടെ ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുന്നതിനും പ്രത്യേക പരിശീലനങ്ങളിലൂടെയും വിവിധ ശാസ്ത്ര പരീക്ഷണങ്ങളിലൂടെയും അദ്ധ്യാപകരുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന രീതിയിലുള്ള ലബോറട്ടറി സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും ആണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) ശാസ്ത്രവിഷയങ്ങളിൽ കുട്ടികളുടെ അഭിരുചികൾ വർദ്ധിപ്പിക്കുന്നതിനായി മികച്ച ലബോറട്ടറി സൗകര്യങ്ങൾ ഒരുക്കുകയും വിവിധ പരീക്ഷണങ്ങളിലൂടെ കുട്ടികളുടെ ശാസ്ത്രപരിജ്ഞാനം വളർത്തുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോർജ് ജെ. മാത്യു: ശാസ്ത്രപോഷിണി പദ്ധതിക്കുവേണ്ടി സ്കൂളുകൾ തെരഞ്ഞെടുക്കുമ്പോൾ സയൻസ് ലബോറട്ടറികൾക്ക് നൽകിവരുന്ന മാനദണ്ഡം എന്തെല്ലാമാണ്?

ശ്രീ. നാലകത്ത് സൂപ്പി: സംസ്ഥാനത്തെ സ്കൂളുകളിൽ 8 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളിൽ ശാസ്ത്രാഭിരുചിയുള്ളവരെ നോക്കി സെലക്ട് ചെയ്യുകയാണ്. അതുപോലെ സയൻസ് ഫെയറിനും മറ്റും വിദ്യാർത്ഥികളെ മാനദണ്ഡത്തിന്റെ പേരിലാണ് തെരഞ്ഞെടുക്കുന്നത്.

ശ്രീ. ജോർജ് ജെ. മാത്യു: നൂതന ശാസ്ത്ര വിഷയങ്ങളായി തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളിലോ തെരഞ്ഞെടുക്കപ്പെട്ട ലബോറട്ടറികളിലോ പരീക്ഷണങ്ങൾ നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തു നിന്ന് എന്ത് സഹായമാണ് നൽകാനുദ്ദേശിക്കുന്നത്?

ശ്രീ. നാലകത്ത് സൂപ്പി: ഇപ്പോൾ 10 ലക്ഷം രൂപ അതാത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന വിതരണം ചെയ്തിട്ടുണ്ട്. നബാർഡിൽ നിന്ന് ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായി 20 കോടി രൂപ കിട്ടാൻ പോകുന്നു. അതിന് അനുകൂലമായ സാഹചര്യമുണ്ട്.

ശ്രീ. വർക്കല കഹാർ: സെക്കന്ററി സ്കൂളുകളുടേയും ഹയർ സെക്കന്ററി സ്കൂളുകളുടേയും പരീക്ഷണശാലകളുടെ സ്റ്റാൻഡേർഡ് ഇന്ന വിധത്തിലായിരിക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ?

ശ്രീ. നാലകത്ത് സൂപ്പി: സെക്കന്ററി, ഹയർ സെക്കന്ററി വിഭാഗങ്ങളിലെ പരീക്ഷണങ്ങൾ വ്യത്യസ്തമായിരിക്കും. നബാർഡിന്റെ സഹായത്തോടുകൂടി 20 കോടി രൂപ ഹയർ സെക്കന്ററി വിഭാഗത്തിന് കൊടുക്കും. അതുപോലെ സ്റ്റേറ്റ് ഗവണ്മെന്റ് 25 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് വിതരണം ചെയ്യും.

ശ്രീ. വർക്കല കഹാർ: വിദ്യാർത്ഥികൾക്ക് ശാസ്ത്രത്തിൽ ആഭിമുഖ്യം ലഭിക്കത്തക്കവിധത്തിൽ സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ ശേഖരിക്കുന്ന കാര്യത്തിൽ പ്രത്യേക നിർദ്ദേശങ്ങൾ കൊടുക്കാറുണ്ടോ?

ശ്രീ. നാലകത്ത് സൂപ്പി: കൊടുക്കാറുണ്ട്.

ശ്രീ. എൻ. ഡി. അപ്പച്ചൻ: സർ, ശാസ്ത്രവിഷയങ്ങളിൽ പരീക്ഷണം നടത്തുന്നതിന് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; ഇത് എല്ലാ സ്കൂളുകളിലും ബാധകമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി: 416 ഗവണ്മെന്റ് ഹൈസ്കൂളുകളിൽ ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുന്നതിനാവശ്യമായ സംഖ്യ നീക്കിവച്ചിട്ടുണ്ട്. അതുപോലെ കമ്പ്യൂട്ടർ പഠിപ്പിക്കുന്നതിന് കമ്പ്യൂട്ടർ ലാബുകൾ ഉപയോഗിക്കുന്നുണ്ട്. എല്ലാ സ്കൂളുകളിലും ശാസ്ത്ര പഠനം നിർബന്ധമായും വയ്ക്കണമെന്നതാണ് ഗവണ്മെന്റിന്റെ ആഗ്രഹം.

ശ്രീ. എൻ. ഡി. അപ്പച്ചൻ: ശാസ്ത്ര പരീക്ഷണങ്ങൾ നടത്തുന്ന വിദ്യാർത്ഥികൾക്ക് ഗൈഡ്ലൈൻസ് നൽകാൻ അദ്ധ്യാപകരെ കണ്ടെത്താനോ അവർക്കാവശ്യമായ പരിശീലനം നൽകാനോ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. നാലകത്ത് സൂപ്പി: ഗണിതശാസ്ത്രം, ജൈവശാസ്ത്രം എന്നിവയുമായി ബന്ധപ്പെട്ട അദ്ധ്യാപകരെയാണ് ഈ വിഷയത്തിൽ തെരഞ്ഞെടുക്കുന്നത്.

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, സർക്കാർ സ്കൂളുകളിൽ തെരഞ്ഞെടുക്കപ്പെട്ട 8 മുതൽ 10 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കു വേണ്ടി നൽകുന്ന ശാസ്ത്ര പരിശീലന പദ്ധതി യഥാർത്ഥത്തിൽ ഫിനാൻസ് ചെയ്യുന്നത് കേരള സർക്കാർ ആണോ അതോ കേന്ദ്ര സർക്കാർ ആണോ എന്ന് വ്യക്തമാക്കുമോ; ഇപ്പോൾ ഈ സംവിധാനത്തിനാവശ്യമായ ഫണ്ട് കേന്ദ്രത്തിൽ നിന്ന് സുഗമമായി ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. നാലകത്ത് സൂപ്പി: കേന്ദ്രഗവണ്മെന്റ് ആവിഷ്കരിച്ച പദ്ധതി എന്ന നിലയ്ക്ക് മുമ്പ് സഹായം കിട്ടിയിരുന്നു. ഇപ്പോൾ നിർത്തി. ഏതായാലും 25 ലക്ഷം രൂപ ഗവണ്മെന്റ് ഈ വർഷം ബഡ്ജറ്റിൽ വകയിരുത്തി. അതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടത്തിക്കൊണ്ടിരിക്കുന്നു.

ശ്രീ. ടി. വി. ചന്ദ്രമോഹൻ: ശാസ്ത്രവിഷയങ്ങളിൽ ഏതൊക്കെ വിഷയങ്ങളാണ് പുതിയതായി ഉൾപ്പെടുത്തിയിട്ടുള്ളത്; ഇൻഫർമേഷൻ ടെക്നോളജിക്ക് വളരെ പ്രാധാന്യം നൽകുന്ന ഒരു ഗവണ്മെന്റാണിത്. അതുകൊണ്ട് ഇൻഫർമേഷൻ ടെക്നോളജി വിഷയം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; അതിനാവശ്യമായ അദ്ധ്യാപകർക്കുള്ള പരിശീലനം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. നാലകത്ത് സൂപ്പി: Bio-technology, Information Technology, Micro Biology എന്നീ വിഷയങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആവശ്യമായ പരിഗണന നൽകുന്നുണ്ട്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: ഇന്ന് പല സംസ്ഥാനങ്ങളിലും ഇതിനു വേണ്ട ഇൻഫ്രാ സ്ട്രക്ചർ ഫെസിലിറ്റീസ് ഇല്ല. അതുകൊണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങളടക്കം പി. ടി. എ. തുടങ്ങിയ ഏജൻസികളുമായി ബന്ധപ്പെടുത്തി

എല്ലാ വിദ്യാലയങ്ങളിലും ശാസ്ത്ര പഠനത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ, ലബോറട്ടറി സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് ഒരു പുതിയ പദ്ധതി ആവിഷ്ക്കരിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: പി. ടി. എ.-യുടെ നേതൃത്വത്തിലും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും ശാസ്ത്ര പഠനം പരമാവധി വിപുലപ്പെടുത്തുന്നതിന് സഹായിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശം ഇനി നൽകുന്നതാണ്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: ശാസ്ത്രമേളകൾ വർഷത്തിൽ പതിവു ചടങ്ങായി നടക്കുന്നുണ്ടെങ്കിലും ആധുനിക ശാസ്ത്ര സംഭവങ്ങൾ സംബന്ധിച്ച് അറിയാനും പഠനങ്ങൾക്ക് വേണ്ടി സ്ഥാപനങ്ങളുമായി ബന്ധപ്പെടാനും സെമിനാറുകൾ തുടങ്ങിയ പരിപാടികൾ നടത്താനും അതിന് Gradings വരുമ്പോൾ Grace Mark, കൊടുക്കാനുമുള്ള സാഹചര്യം ഉണ്ടാകുമോ?

ശ്രീ. നാലകത്ത് സൂപ്പി: അക്കാര്യം ആലോചിക്കാം.

ശ്രീമതി രാധാ രാഘവൻ: സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള ശാസ്ത്ര സ്ഥാപനങ്ങളിൽ ഗ്രാമങ്ങളിലെ വിദ്യാർത്ഥികൾക്ക് സന്ദർശന സൗകര്യം ഏർപ്പെടുത്തുമോ?

ശ്രീ. നാലകത്ത് സൂപ്പി: അക്കാര്യം ആലോചിക്കാം.

ശ്രീമതി രാധാ രാഘവൻ: ലാബ് സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; അതിനാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നത് ഏതെല്ലാം രീതിയിലാണെന്ന് വ്യക്തമാക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: ആവശ്യമായ ഫണ്ട് ഘട്ടം ഘട്ടമായി നീക്കി വയ്ക്കുന്നുണ്ട്. 25 ലക്ഷം ഉറുപ്പിക ഈ വർഷത്തെ ബഡ്ജറ്റിലുണ്ട്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: ശാസ്ത്ര പോഷിണി പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കിത്തുടങ്ങിയത് ഏറെ ഹൃദ്യമായ അനുഭവമാണ്; നന്ദിയുണ്ട്. അമ്പരപ്പിക്കുന്ന ശാസ്ത്രീയ നേട്ടങ്ങളുമായിട്ടാണ് സ്കൂളുകളിൽ ശാസ്ത്ര, ഗണിത പ്രവൃത്തി പരിചയ മേളകൾ എല്ലാതലങ്ങളിലും നടക്കാറ് പതിവ്. ആ സ്ഥിതിക്ക് വർഷം തോറും നടക്കുന്ന ശാസ്ത്ര, ഗണിത ശാസ്ത്ര പരിചയമേളയ്ക്ക് കൂടുതൽ സമ്പന്നമായ സംഭാവനകൾ നൽകാൻ പറ്റുന്ന പാകത്തിൽ ശാസ്ത്ര പോഷിണി പദ്ധതിയെ പ്രയോജനപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ ഏത് സമ്പ്രദായത്തിലായിരിക്കും?

ശ്രീ. നാലകത്ത് സൂപ്പി: സ്റ്റേറ്റ് ഗവൺമെന്റ് തന്നെയാണ് ഇപ്പോൾ ഈ പദ്ധതി നടപ്പിലാക്കുന്നത്. മറ്റു കാര്യങ്ങൾ വിശദമായ പഠനത്തിനു ശേഷം മാത്രമേ പറയാൻ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ: സാവിത്രി ലക്ഷ്മണൻ: തീരെ ശ്രദ്ധയാകർഷിക്കാതെയിരുന്ന പല ഇനങ്ങളും ശ്രദ്ധേയമായത് അവ യുവജനോൽസവങ്ങളിൽ ഇനങ്ങളാക്കി യതോടുകൂടിയാണ്. ഏതാണ്ട് അതുപോലെ സസ്യശാസ്ത്രം, ജന്തുശാസ്ത്രം പോലെയുള്ള വിഷയങ്ങളിൽ കുട്ടികളിൽ പ്രാമുഖ്യവും താൽപ്പര്യവും വർദ്ധിപ്പിക്കാൻ വേണ്ടി ഭരതനാട്യം, മോഹിനിയാട്ടം പോലുള്ള സമ്പ്രദായം പോലെ ചീര നടീൽ, ചേന നടീൽ, വഴുതനങ്ങയുണ്ടാക്കൽ എന്നൊക്കെ പറഞ്ഞ് ഐറ്റങ്ങൾ തിരിച്ചുകൊണ്ട് വിദ്യാലയങ്ങളിൽ സസ്യത്തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് നിർദ്ദേശം നൽകുകയും ഇതു സംബന്ധിച്ച് സംസ്ഥാന അടിസ്ഥാനത്തിൽ ഒരു മൽസരം സംഘടിപ്പിക്കാൻ ശ്രമിക്കുകയും ഒക്കെ ചെയ്യുന്നത് ശാസ്ത്ര പോഷിണി പദ്ധതികളിലൂടെ ആവിഷ്ക്കരിക്കാൻ പറ്റുമോ?

ശ്രീ. നാലകത്ത് സൂപ്പി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് സസ്യത്തോട്ടങ്ങൾ പരിപോഷിപ്പിക്കാനാണ്. ഏതായാലും ഇതും ഉൾപ്പെടുത്താം.

ശ്രീ. പി. ജെ. ജോയി: വിദ്യാർത്ഥികളിൽ ശാസ്ത്ര അഭിരുചി പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി ലബോറട്ടറികൾ കൂടുതലായി സ്ഥാപിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പല ഹൈസ്കൂളുകളിലും ലബോറട്ടറികൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നില്ല. പ്രത്യേകിച്ച് ഗവൺമെന്റ് സ്കൂളുകളിലെ ലബോറട്ടറികൾ ഗവൺമെന്റ് ഹൈസ്കൂളുകൾക്ക് മുൻഗണന കൊടുത്ത് നടത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: എല്ലാ സ്കൂളുകളിലും നന്നായി നടക്കുന്ന ലബോറട്ടറികൾ ഉണ്ടാക്കുക എന്നുള്ള താൽപ്പര്യമാണ് ഗവൺമെന്റിനുള്ളത്. അതനുസരിച്ച് പ്രവർത്തിക്കും.

ശ്രീ. പി. ജെ. ജോയി: കുട്ടികളുടെ ശാസ്ത്ര രംഗത്തെ വികസനം ലക്ഷ്യമാക്കി ശാസ്ത്ര മേളകളിൽ പങ്കെടുക്കുന്നവർക്ക് എന്തെല്ലാം പ്രോൽസാഹനങ്ങളാണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: മേളയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്നില്ല. ഏതായാലും ഇക്കാര്യം പരിശോധിക്കാം.

ശ്രീ. മത്തായി ചാക്കോ: കഴിഞ്ഞ ആഴ്ച ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ ശാസ്ത്ര മേള കോഴിക്കോട്ടുവച്ച് നടക്കുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിയും പങ്കാളിയായിരുന്നു. അതിൽ നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതി അത്ര ശോഭനമായിരുന്നില്ല എന്നുള്ളതാണ് പങ്കെടുത്തപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്. കേരളത്തിലെ സ്കൂളുകളിൽ ശാസ്ത്ര മേളകൾ സംഘടിപ്പിക്കുന്നുണ്ടെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ഹൈസ്കൂളുകളിൽ പ്രതിഭാശാലികളായിട്ടുള്ള, ശാസ്ത്ര പരീക്ഷണങ്ങൾക്കൊക്കെ താൽപ്പര്യമുള്ള കുട്ടികൾക്ക് പ്രത്യേകമായിട്ടുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുത്ത് അവരുടെ പ്രതിഭ വികസിപ്പിക്കുന്നതിന് വേണ്ടിയിട്ടുള്ള പദ്ധതികൾ ഇല്ല എന്നുള്ളത് തന്നെയാണ്. പോണ്ടിച്ചേരി, തമിഴ്നാട്, കർണാടക, ആന്ധ്രാ എന്നീ സംസ്ഥാനങ്ങൾ വരുമ്പോൾ കേരളം യഥാർത്ഥത്തിൽ വളരെ പിന്നിലായിപ്പോകുന്നു. സമ്മാനമെല്ലാം അവരാണ് കൊണ്ടുപോയിട്ടുള്ളത്. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ച് ശാസ്ത്ര ആഭിമുഖ്യത്തിൽ കുട്ടികളെ വളർത്തിക്കൊണ്ടുവരുന്നതിനുവേണ്ടി ഗവൺമെന്റ് പ്രത്യേകമായിട്ടുള്ള ശ്രദ്ധ ചെലുത്തുമോ?

<u>ശ്രീ. നാലകത്ത് സൂപ്പി:</u> കേരളത്തിലെ വിദ്യാർത്ഥികളിൽ നല്ല ശാസ്ത്ര അഭിരുചിയുള്ളവരുണ്ട്. അവരുടെ അച്ചീവ്മെന്റ് കണ്ടാൽ അൽഭുതപ്പെട്ടുപോകും. അവരെ വാർത്തെടുക്കുന്നതും നന്നായി പരിശീലിപ്പിക്കുന്നതും ഗവൺമെന്റിന്റെ ബാധ്യതയാണ്. ഇക്കാര്യത്തിൽ നൂറ് ശതമാനവും ഗവൺമെന്റ് സഹകരിക്കും.

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> ശാസ്ത്രീയമായ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് ശാസ്ത്ര പോഷിണി പദ്ധതികളും മറ്റും നടപ്പിലാക്കുമ്പോൾ ശാസ്ത്ര രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ വികാസങ്ങളെക്കുറിച്ച് പഠിപ്പിക്കേണ്ടതും അതുപോലെ തന്നെ ലോകത്ത് നടക്കുന്ന പുതിയ സംഭവവികാസങ്ങൾ അവരെ പരിചയപ്പെടുത്തി ശാസ്ത്ര അഭിരുചി വളർത്തേണ്ടതുണ്ട്. വർണ്ണമഴ പെയ്തു, കിണറുകൾ ഇടിഞ്ഞു. ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടായപ്പോൾ നമുക്ക് വേണമെങ്കിൽ അത് വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്താൻ സെമിനാറുകളോ മറ്റോ സംഘടിപ്പിക്കാമായിരുന്നു. അതുപോലെ തന്നെ ഇപ്പോൾ ചൊവ്വാ പര്യവേക്ഷണം നടക്കുന്ന സമയമാണ്. മാധ്യമങ്ങളിൽ സ്ഥാനം പിടിക്കുന്ന സമയത്ത് അത് പരിചയപ്പെടുത്തിയാൽ കുട്ടികളിൽ അതിനെപ്പറ്റി ഒരു ആഭിമുഖ്യം വരുമായിരുന്നു. ചന്ദ്രനിൽ പോകാനുള്ള പരിശ്രമങ്ങൾക്കുവേണ്ടി 70 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ചന്ദ്രപര്യവേക്ഷണം എന്താണെന്ന് സ്കൂൾ കുട്ടികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കാവുന്ന അനുയോജ്യമായ സമയം ഇതാണ്. അതുപോലെതന്നെ. Bio-Technology, Information Technology ഇതൊക്കെ പരിചയപ്പെടുത്തേണ്ട സമയമാണ്. ഓരോ സംഭവവികാസവും ശാസ്ത്ര പോഷിണി പദ്ധതിയിലൂടെ പരിചയപ്പെടുത്താനുള്ള സമഗ്ര പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ?

<u>ശ്രീ. നാലകത്ത് സൂപ്പി:</u> ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ശാസ്ത്ര അഭിരുചിയുള്ള കുട്ടികൾക്ക് ഈ വിഷയത്തിൽ ഗണ്യമായ സഹായം നൽകുന്നുണ്ട്. സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം അതിന് ഉദാഹരണമാണ്. ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയുള്ള കാര്യങ്ങൾ വിശദീകരിച്ചു കൊടുക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് ശാസ്ത്ര അഭിരുചിയുള്ള കുട്ടികളെ കണ്ടുപിടിച്ച് അവർക്ക് പ്രോൽസാഹനം കൊടുക്കുന്ന പരിപാടി ആസൂത്രണം ചെയ്യുന്നതാണ്.

ശ്രീ. കെ. ബാബു: Science is doing എന്നാണ് പറയുന്നത്. പക്ഷേ സ്കൂളുകളിൽ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ കുട്ടികൾക്ക് പഠിക്കുന്നതിനുള്ള സൗകര്യങ്ങൾ വളരെ കുറവാണ്. ഈ സാഹചര്യം കണക്കിലെടുത്തുകൊണ്ടാണ് ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് ഒരു വിദ്യാഭ്യാസ ജില്ലയിൽ ഒരു സ്കൂളിൽ ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്താം എന്ന്. ഇങ്ങനെ വന്നാൽ എത്ര വർഷം കൊണ്ട് നമ്മുടെ സ്കൂളുകളിലെല്ലാം ലബോറട്ടറി സൗകര്യങ്ങൾ ഉണ്ടാകും എന്നുള്ളത് ഊഹിക്കാവുന്നതേയുള്ളൂ. ഈ സാഹചര്യം കണക്കിലെടുത്ത് നബാർഡ് പോലുള്ള ഏജൻസികളിൽ നിന്ന് പണം വായ്പയെടുത്ത് സ്കൂളുകളിൽ ലബോറട്ടറി സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: നബാർഡ് പോലുള്ള ഏജൻസികൾ ഇരുപത് കോടി ഉറുപ്പിക ഇപ്പോൾ തന്നു. വീണ്ടും ആവശ്യപ്പെടാം. ശാസ്ത്രപഠനം ഒരു ജില്ലയിൽ ഒരു വിദ്യാലയത്തിൽ പരിപൂർണ്ണമായി ഉണ്ടാക്കുക എന്നുള്ളത് ഗവൺമെന്റിന്റെ ലക്ഷ്യമാണ്.

ശ്രീ. എ. സുജനപാൽ: ഇപ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പാണ് സ്കൂളുകളിൽ ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്താൻ വേണ്ടിയിട്ടുള്ള സ്കീം തയ്യാറാക്കിയിട്ടുള്ളത്. കഴിഞ്ഞ വർഷം 11 സ്കൂളുകളെയാണ് ഇതിനുവേണ്ടി തെരഞ്ഞെടുത്തത് എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. അത് ഇവിടെ സൂചിപ്പിച്ചതുപോലെ വളരെ പരിമിതമാണ്. അടുത്ത വർഷം ആവശ്യമായ ഫണ്ട് അനുവദിച്ച് കൂടുതൽ സ്കൂളുകളിൽ ലബോറട്ടറി സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ? അതിന് ആവശ്യമായ ഫണ്ട് വിവിധ ഏജൻസികളിൽനിന്ന് സ്വരൂപിച്ച് പ്രത്യേകമായിട്ടുള്ള സ്കീം തയ്യാറാക്കി നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. നാലകത്ത് സൂപ്പി: ലബോറട്ടറി കിറ്റുകൾ വിതരണം ചെയ്യുന്നുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ചു മാത്രമേ കൈകാര്യം ചെയ്യാൻ പറ്റുകയുള്ളൂ. ആവശ്യമായ ഫണ്ട് കിട്ടാൻ വേണ്ടി ശ്രമിക്കാം.

(ചോദ്യോത്തര സമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly